# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3529

11.12.2018 - ൽ
മറുപടിയ്ക്ക്

### ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് അനുവദിച്ചിരുന്ന ഫണ്ട്

**ചോദ്യം**
**ശ്രീ.മുഹമ്മദ് മുഹസിൻ പി.**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

**എ)** ഐ.സി.എ.ആർ. കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചിരുന്ന ഫണ്ടിൽ കുറവ് വന്നു എന്ന കാരണത്താൽ സർവകലാശാലയിലെ ഏതെങ്കിലും തസ്തികയിൽ ജീവനക്കാരുടെ നിലവിലുള്ള എണ്ണത്തിൽ കുറവുകൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

**എ)** കാർഷിക സർവ്വകലാശാലയിൽ ഐ.സി.എ.ആർ.-ന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന വിവിധ എ.ഐ.സി.ആർ.പി./എ.ഐ.എൻ.പി. എന്നീ പദ്ധതികളിലെ താഴെ പറയുന്ന തസ്തികകൾ ഐ.സി.എ.ആർ. നിർത്തലാക്കിയിട്ടുണ്ട്.

| തസ്തിക | നിർത്തലാക്കിയ തസ്തികകളുടെ എണ്ണം |
|---|---|
| അദ്ധ്യാപക തസ്തികകൾ | 15 |
| അസിസ്റ്റന്റ് | 2 |
| ക്ലാസ് IV | 12 |
| കംപ്യൂട്ടർ അസിസ്റ്റന്റ് | 2 |
| ഡ്രൈവർ | 3 |
| ഫാം ഓഫീസർ | 15 |
| ലാബ് അസിസ്റ്റന്റ് ഗ്രേഡ് III | 5 |
| ടെക്നിക്കൽ അസിസ്റ്റന്റ് | 3 |

**ബി)** ഇത്തരത്തിൽ കുറവുകൾ വരുത്തിയ തസ്തികകൾക്ക് അനുസൃതമായി കേഡർ സ്ട്രെങ്ങ്ത് തീരുമാനിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

**ബി)** തസ്തികകൾ നിർത്തലാക്കിയത്തിനെ തുടർന്ന് പ്രസ്തുത തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്തി കേഡർ സ്ട്രെങ്ങ്ത് നിശ്ചയിച്ചിട്ടുണ്ട്.

**സി)** ഇത്തരത്തിൽ തസ്തികകൾ നഷ്ടപ്പെടുന്നത് സർവകലാശാലയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വിഘാതമുണ്ടാക്കുമെന്നതിനാൽ പ്രസ്തുത ഉത്തരവുകൾ പുന:പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**സി)** തസ്തികകൾക്കുള്ള അനുമതി പിൻവലിക്കുന്ന ഉത്തരവുകൾ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് 21/06/2018 തീയതിയിൽ കേരള കാർഷിക സർവ്വകലാശാല ഐ.സി.എ.ആർ.ന് കത്ത് നൽകിയിട്ടുണ്ട്.വിവിധ ബാഹ്യ സഹായ പദ്ധതികളിലേക്ക് ഐ.സി.എ.ആർ. അനുവദിച്ച തസ്തികകളാണ് നിർത്തലാക്കിയത്.

സെക്ഷൻ ഓഫീസർ